LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരിത ബാധിതർക്കുള്ള ഭവന നിർമ്മാണം

156 [1095] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തം ബാധിച്ചവർക്കുവേണ്ടി എറണാകുളം ജില്ലയിൽ എടവനക്കാട് എന്ന സ്ഥലത്ത് 26 വീടുകൾ പണിതു കൊടുത്തത് ആരാണ് ; ഏത് കമ്പനിയാണ് ;

(ബി) ഇതിലെ ഓരോ വീടിനും എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ; ഇങ്ങനെ വീട് പണിതവർക്ക് വീടൊന്നിന് സർക്കാരിൽ നിന്നും എന്തെങ്കിലും തുക കൊടുക്കുമെന്ന് കളക്ടർ മുഖാന്തിരം സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(സി) മൊത്തം എത്ര തുകയാണ് ഈ ഇനത്തിൽ സർക്കാർ കൊടുക്കാനുള്ളത് ; തുക കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആദ്യമായി കേരളത്തിൽ സുനാമി ദുരിത ബാധിതർക്ക് വീടുകൾ വച്ച് നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. ജി. എ. ഗ്രൂപ്പ് എന്ന കമ്പനിയാണ് എറണാകുളം ജില്ലയിൽ എടവനക്കാട് എന്ന സ്ഥലത്ത് 26 വീടുകൾ പണിതു കൊടുത്തത്.

(ബി) ഓരോ വീടും നിർമ്മിക്കാൻ ഏകദേശം 2.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. വീടൊന്നിന് സർക്കാരിൽ നിന്നും തുക നൽകുന്നത് സംബന്ധിച്ച ഉത്തരവുകളൊന്നും സർക്കാർ ഇറക്കിയിട്ടില്ല.

(സി) ഈ ഇനത്തിൽ സർക്കാർ തുകയൊന്നും നൽകാനില്ല.

(ഡി) മാതാ അമൃതാനന്ദമയി മഠത്തിന്റെ വീടാണ് ആദ്യമായി നൽകിയത്.

ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

157 [1096] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സുരക്ഷാ ഭവന പദ്ധതി നിലവിലുണ്ടോ ; ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതിക്കായി 2004-05 വർഷത്തേക്ക് എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു ; എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) 2005-06 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി ഉൾക്കൊള്ളിച്ചിരുന്ന തുക എത്രയാണ് ; ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) "കാരുണ്യ" എന്ന പേരിൽ ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത പദ്ധതി അനുസരിച്ച് ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബല വിഭാഗങ്ങളിൽപ്പെടുന്ന സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പാവപ്പെട്ടവർക്കുവേണ്ടി സന്നദ്ധ സംഘടനകളുമായി ഒത്തുചേർന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സുരക്ഷ ഭവന പദ്ധതി. ഈ പദ്ധതി പ്രകാരം 2 സെന്റ് സ്ഥലത്തിന് 6,000 രൂപയും വീടിന് 30,000 രൂപയും (ഗുണഭോക്തൃ വിഹിതമായ 2,000 രൂപ ഉൾപ്പെടെ) ആകെ 36,000 രൂപയാണ് പദ്ധതി ചെലവായി പ്രതീക്ഷിക്കുന്നത്. ഇതിൽ 9,000 രൂപ സംസ്ഥാന സർക്കാർ സബ്സിഡി ആയിരിക്കും. സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന വീട് നിർമ്മാണത്തിനായി ധനസഹായം ഗുണഭോക്താവിന് നൽകുകയോ വീട് നിർമ്മിച്ച് നൽകുകയോ ചെയ്യേണ്ടതാണ്. സർക്കാർ സബ്സിഡിയായ 9,000 രൂപ വീട് നിർമ്മാണം കൂരമട്ടം ആകുമ്പോൾ ബോർഡിലെ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷം മാത്രമേ വിതരണം നടത്തുകയുള്ളൂ.

(ബി) ഈ പദ്ധതിക്കായി 2004-05 വാർഷിക ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ 2004 ജൂലൈ മാസത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം 1,000 രൂപ 2004-05 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(സി) 2005-06 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ 2005-06 ജൂലൈയിലെ ഉപധനാഭ്യർത്ഥന പ്രകാരം സുരക്ഷ ഭവന പദ്ധതിക്കായി 5 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് നൽകുകയുണ്ടായി. ബോർഡ് ഇതുവരെ 3,15,000 രൂപ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) സാമ്പത്തികമായി ദുർബല വിഭാഗത്തിലുള്ളവർക്കായി വീടുകൾ നിർമ്മിച്ചു നൽകുന്നതിന് സന്നദ്ധ സംഘടനകളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കാരുണ്യ പദ്ധതി. ഈ പദ്ധതിക്കായി കേരളത്തിലെ എല്ലാ ജില്ലകളിലും സർക്കാർ സൗജന്യമായി ഭൂമി നൽകേണ്ടതാണ്. ടി ഭൂമിയിൽ സന്നദ്ധ സംഘടനകൾ സൗജന്യമായി 240 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്. സന്നദ്ധ സംഘടനകളെ കണ്ടെത്തുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(ഇ) പ്രസ്തുത പദ്ധതി അനുസരിച്ച് ഈ സാമ്പത്തിക വർഷം ഇതുവരെ വീടുകളൊന്നും നിർമ്മിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly